# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1254 03.12.2018 ൽ മറുപടിക്ക്

### റാന്നി സർക്കാർ ഐ.റ്റി.ഐ, കോർട്ട് കോംപ്ലക്സ് എന്നിവയുടെ കെട്ടിട നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ബജറ്റ് പ്രഖ്യാപനമായ റാന്നി സർക്കാർ ഐ.റ്റി.ഐ, റാന്നി കോർട്ട് കോംപ്ലക്സ് എന്നിവയുടെ കെട്ടിട നിർമ്മാണത്തിനുള്ള ഡിസൈൻ, ഡ്രോയിംഗ് എന്നിവ ലഭ്യമാക്കുന്നതിലേക്കായി എന്നാണ് പ്രൊപ്പോസൽ ലഭിച്ചത്; അറിയിക്കുമോ; | (എ) റാന്നി സർക്കാർ ഐ.റ്റി.ഐ കെട്ടിടത്തിന്റെ ഫൈനൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് 27.11.2018 ലാണ് പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത്. മണ്ണ് പരിശോധന റിപ്പോർട്ട് സഹിതം സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിനായി ഡിസൈൻ വിഭാഗത്തിലേക്ക് ഉടൻ സമർപ്പിക്കുന്നതാണ്. റാന്നി കോർട്ട് കോംപ്ലക്സ് ബഹു.ഹൈക്കോടതി അംഗീകരിച്ച പ്ലാനിൽ ഭേദഗതികൾ വരുത്തുന്നതിനായി പത്തനംതിട്ട ജില്ലാ ജഡ്ജി അറിയിച്ചതനുസരിച്ച് ഭേദഗതികൾ വരുത്തി ബഹു.ഹൈക്കോടതിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് അംഗീകരിച്ച് നൽകുന്ന മുറയ്ക്ക് ഫൈനൽ ഡ്രോയിംഗ് 10 ദിവസത്തിനകം തയ്യാറാക്കി നൽകുന്നതാണ്. |
| (ബി) ഇവ വൈകുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; എന്നത്തേക്ക് ഇത് പൂർത്തീകരിച്ചുനൽകുവാൻ കഴിയുമെന്നും ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി ഡിസൈൻ ലഭിച്ചതിനു ശേഷം ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ